ബില്ലുകൾ സംസ്ഥാനതല മൻഗണന ക്രമത്തിലാണ് മാറുന്നത്. പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ബില്ലുകൾ മാറുന്നതിന് പ്രത്യേക പരിഗണന നൽകിയാൽ അത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാകുന്നതാണ്.

കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി

144 (2382) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികളും മറ്റും വൈകുന്നതും, തന്മൂലം പിന്നീട് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കരാറുകാരുടെ കുടിശ്ശിക മുഴുവൻ അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല ; കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ പരിഷ്കരണങ്ങൾ

145 (2383) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ ആശങ്ക രേഖപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തുമോ ;

(ബി) ഇതോടനുബന്ധിച്ച് വിഭവ സമാഹരണത്തിലും ചെലവു കാര്യത്തിലും പരിഷ്കരണമെന്തെങ്കിലും ആവശ്യമാണോ; എങ്കിൽ അതുസംബന്ധിച്ച് എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ ആശങ്കപ്പെടേണ്ടതായ കാര്യങ്ങൾ നിലവിലില്ല.

(ബി) അധിക വിഭവ സമാഹരണത്തിനായി നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, നികുതി കുടിശ്ശികപിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളുക വഴിയും, സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ ബാങ്ക് നിക്ഷേപം

146 (2384) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ് ഇൻ എയ്ഡ്, പദ്ധതി നടത്തിപ്പിനുള്ള സഹായം എന്നീ ഇനങ്ങളിൽ സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റികൾ കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയ പണം പ്രസ്തുത സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം സ്ഥാപനങ്ങളുടെയും പണം നിക്ഷേപിക്കപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെയും നിക്ഷേപത്തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതി തുകകൾ ബാങ്കിൽ നിക്ഷേപിക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് ആയതിന്റെ പലിശ തുക സർക്കാരിന്റെ റവന്യൂ ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലാത്തപക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ